# പരിസ്ഥിതിവാദം പാടില്ലെന്ന പിണറായിയുടെ നിലപാട് അംഗീകരിക്കില്ല: സുഗതകുമാരി

തീവ്രപരിസ്ഥിതിവാദം അനുവദിക്കില്ലെന്ന സിപിഎം സെക്രട്ടറിയുടെ നിലപാട് അംഗീകരിക്കാനാവില്ലെന്ന് കവയത്രി സുഗതകുമാരി.പരിസ്ഥിതി നാശം തീവ്രമാകുമ്പോൾ പരിസ്ഥിതി വാദം ഉണ്ടായേ തീരൂ. മരിക്കുംവരെ മണ്ണിനും പച്ചപ്പിനും കൃഷിക്കുംവേണ്ടി പോരാടുമെന്നും സുഗതകുമാരി പറഞ്ഞു.

അടാട്ട് പഞ്ചായത്ത് വിപണിയിലിറക്കുന്ന ജൈവ അരിയായ അടാട്ട് റൈസിന്റെ വിപണനോദ്ഘാടനം തൃശൂർ തെക്കേഗോപുരനടയിൽ കുടുംബശ്രീ വിപണന കേന്ദ്രത്തിൽ നിർവഹിക്കുകയായിരുന്നു അവർ.

പരിസ്ഥിതിവാദം അംഗീകരിക്കില്ലെന്ന നിലപാടിനെതിരെ സ്ത്രീകൾ അണിനിരക്കണം. അല്ലെങ്കിൽ സ്ത്രീകൾ ചവിട്ടിയരക്കപ്പെടും. എല്ലാ ഭക്ഷ്യവിഭവങ്ങളും വിഷമയമായി കഴിഞ്ഞിരിക്കുന്നു. പച്ചക്കറിക്കും നെല്ലിനും നിരോധിക്കപ്പെട്ട കീടനാശിനികളാണ് ഉപയോഗിക്കുന്നു. ഇത് തടയാൻ ഒരു ഭരണ വർഗവും ശ്രമിക്കുന്നില്ല. തമിഴ്നാട് പച്ചക്കറി അയച്ചില്ലെങ്കിൽ കേരളം മര്യാദ പഠിക്കും. പുറത്തുനിന്നുള്ള പച്ചക്കറിയുടെ ഇറക്കുമതി നിയന്ത്രിച്ചാൽ കേരളം രക്ഷപ്പെടും. സ്വന്തം സ്ഥലത്ത് കൃഷി ചെയ്യാൻ മലയാളി പഠിക്കുമെന്നും സുഗതകുമാരി പറഞ്ഞു.

പ്രസ്ക്ലബ്ബ് പ്രസിഡണ്ട് എ.സേതുമാധവന് അരി നൽകിയായിരുന്നു ഉദ്ഘാടനം.അടാട്ട് പഞ്ചായത്ത് പ്രസിഡണ്ട് അനിൽ അക്കര, തേറമ്പിൽ രാമകൃഷ്ണൻ എംഎൽഎ ബാലചന്ദ്രൻ വടക്കേടത്ത്, ജൂബിലി മെഡിക്കൽ കോളജ് ഡയറക്ടർ ഫ്രാൻസിസ് ആലപ്പാട്ട്, തുടങ്ങിയവർ പങ്കെടുത്തു. (ചന്ദ്രിക ദിനപത്രം)

# ചെങ്ങറ സമരം ഒന്നര വർഷം പിന്നിടുന്നു

ഭൂരഹിതർക്ക് കൃഷിഭൂമി നൽകണമെന്നാവശ്യപ്പെട്ട് സാധുജനവിമോചന സംയുക്തവേദിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ചെങ്ങറ സമരം ഫെബ്രുവരി മാസം പിന്നിടുന്നതോടെ ഒന്നരവർഷം കഴിയുകയാണ്. ഹാരിസണിന്റെ പാട്ടകാലാവധി കഴിഞ്ഞ ഭൂമിയിൽ കുടിൽകെട്ടി താമസിച്ച ഭൂരഹിതർ ഉന്നയിച്ച ന്യായമായ ആവശ്യങ്ങളോട് സർക്കാറിന്റെ നിഷേധാത്മക നിലപാട് തുടരുകയാണ്. സമരത്തെ തകർക്കുന്നതിനായി ഹാരിസണിന്റെ ഒത്താശയോടെ സി.ഐ.ടി.യുവിനെ ഉപയോഗിച്ച് സി.പി.എം. നടത്തിവരുന്ന ഉപരോധ സമരം ദുർബലമായെങ്കിലും പട്ടിണിയും രോഗങ്ങളുംകൊണ്ട് പൊറുതുമുട്ടുന്ന ചെങ്ങറ തോട്ടത്തിനുള്ളിലുള്ളവരുടെ പുറംലോകവുമായുള്ള ബന്ധം തടയുന്നതിനും അവരെ തീരാദുരിതത്തിലേക്ക് തള്ളിവിടാനും ഉപരോധത്തിന് സാധിച്ചു. സമരം തളരാൻ ഇത് കാരണമായെങ്കിലും ചെങ്ങറയിലെ ഭൂരഹിതർ ഭൂമി ലഭിക്കുംവരെ സമരം തുടരുമെന്ന ഉറച്ച തീരുമാനത്തോടെ ചെങ്ങറതോട്ടത്തിലെ തങ്ങളുടെ ജീവിതസമരം തുടരുകയാണ്. ബന്ധപ്പെടുക : 9249101709.

# സാമൂഹ്യപ്രസ്ഥാനങ്ങളുടെ കലണ്ടർ

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന/ നടന്ന ജനകീയസമരങ്ങളേയും ചെറുത്തുനിൽപ്പുകളേയും വിഭവസംരക്ഷണത്തിനായുള്ള തീവ്രശ്രമങ്ങളേയും ഓർമ്മപ്പെടുത്തുന്ന കലണ്ടർ പുറത്തിറങ്ങി. സാമൂഹ്യപ്രസ്ഥാനങ്ങളുടേയും സമരസംഘടനകളുടേയും വിലാസങ്ങളും കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇന്റർകൾച്ചറൽ റിസോഴ്സസ് ആണ് കലണ്ടർ നിർമ്മിച്ചിരിക്കുന്നത്. കലണ്ടർ ലഭിക്കാൻ ബന്ധപ്പെടുക,

**ഇന്റർകൾച്ചറൽ റിസോഴ്സസ്, 33 ഡി, ഡി.ഡി.എ-എസ്.എഫ്.എസ് ഫ്ളാറ്റ്സ്, വിജയ് മണ്ഡൽ എൻക്ലേവ്, ന്യൂഡൽഹി-110016. ഫോൺ : 011 65665677**


## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീർ** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/ മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**Source of Life for Sale** 60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./ വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

കേരളീയം

കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 9447674375